## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം:1032** **30/09/2016 ൽ മറുപടിക്ക്**

## ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എം.എം.മണി**<br>**ശ്രീ.ഐ.ബി. സതീഷ്**<br>**ശ്രീ.ഒ.ആർ.കേളു**<br>**ശ്രീ.യു.ആർ.പ്രദീപ് :** | **ശ്രീ.വി. എസ്. സുനിൽകുമാർ**<br>**(കൃഷി വകുപ്പ് മന്ത്രി)** |
| എ) കർഷകരിൽ നിന്ന് നേരിട്ട് സംഭരിക്കുന്നുവെന്ന് രേഖയുണ്ടാക്കി മൊത്തകച്ചവടക്കാരിൽ നിന്ന് വാങ്ങുന്ന ഗുണമേന്മയില്ലാത്ത പച്ചക്കറികൾ ഹോർട്ടികോർപ്പ് വിപണന കേന്ദ്രങ്ങളിൽ വിൽക്കുന്നതായി വിവരം ലഭിച്ചതിനെ തുടർന്ന് വകുപ്പ് മന്ത്രി സംഭരണശാലയിൽ നടത്തിയ മിന്നൽ പരിശോധനയിൽ കണ്ടെത്തിയ കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ; | (എ) ആനയറ കാർഷിക മൊത്ത വ്യാപാര വിപണിയിലും ഹോർട്ടിക്കൾച്ചർ ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ഹോർട്ടികോർപ്പ്) മൊത്ത വിതരണകേന്ദ്രത്തിലും തമിഴ് നാട്ടിൽ നിന്നും ഗുണനിലവാരമില്ലാത്ത പച്ചക്കറി വാങ്ങുന്നതും, പ്രാദേശിക കർഷകരുടെ കാർഷികോൽപ്പന്നങ്ങൾ വാങ്ങാതിരിക്കുകയും, നിരുത്സാഹപ്പെടുത്തുകയും ചെയ്യുന്നതും ഉൾപ്പെടെ ഗുരുതരമായ പല ക്രമക്കേടുകളും കണ്ടെത്തിയിട്ടുണ്ട്. |
| ബി) കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച വകയിൽ ഹോർട്ടികോർപ്പ് കർഷകർക്ക് നൽകുവാനുള്ള തുക കുടിശ്ശിക ഉണ്ടോ ; എങ്കിൽ വിശദമാക്കാമോ; | (ബി) കർഷകരിൽ നിന്നും പച്ചക്കറി സംഭരിച്ച വകയിൽ ലഭ്യമായ എല്ലാ ബില്ലുകൾക്കും തുക നൽകിയിട്ടുണ്ട്. എന്നാൽ മുൻ സർക്കാരിന്റെ കാലത്ത് ചില പച്ചക്കറി മൊത്ത കച്ചവടക്കാർക്ക് കുടിശ്ശിക നൽകാനുണ്ടെന്ന പരാതി സർക്കാരിൽ ലഭ്യമായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | അഴിമതി മറച്ചുവയ്ക്കാൻ മുൻ എം.ഡി. ഹോർട്ടികോർപ്പിന്റെ പേര് ദുരുപയോഗം ചെയ്ത് പത്രപരസ്യം നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) & (ഡി) | ഉണ്ട്. മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ഹോർട്ടികോർപ്പ് മുൻ മാനേജിംഗ് ഡയറക്ടറെ തൽസ്ഥാനത്തു നിന്നും നീക്കം ചെയ്യുകയും റീജിയണൽ മാനേജരെ അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്യുയുകയുമുണ്ടായി. ഹോർട്ടി-കോർപ്പിലെ ക്രമക്കേടുകളെക്കുറിച്ച് കൃഷി വകുപ്പിലെ സ്പെഷ്യൽ വിജിലൻസ് സെല്ലിന്റെയും, പോലീസിന്റെ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെയും അന്വേഷണം നടന്നുവരുന്നു. |
| (ഡി) | എങ്കിൽ കുറ്റക്കാർക്കെതിരെ എന്തെല്ലാം ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | | |
| ഇ) | ഗുണമേന്മയുള്ള വിഷരഹിത പച്ചക്കറികൾ ജനങ്ങൾക്ക് ലഭ്യമാക്കാനും കർഷകർക്ക് ഗുണപ്രദമാകുന്ന തരത്തിൽ ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങളെ മെച്ചപ്പെടുത്താനും എന്തെല്ലാം നടപടികൾ സ്വീകരിയ്ക്കുമെന്ന് വ്യക്തമാക്കാമോ ? | ഇ) | സംസ്ഥാനത്തെ കർഷകർ, കർഷക സംഘങ്ങൾ, വി.എഫ്.പി.സി.കെ, കർഷക കൂട്ടായ്മ, കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നെല്ലാം ഗുണമേന്മയുള്ള വിഷരഹിത പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തി വരുന്നു. വീട്ടാവശ്യത്തിനുള്ള പച്ചക്കറികൾ വീട്ടിൽ തന്നെ നട്ടുണ്ടാക്കുന്നത് പ്രോത്സാഹിപ്പിക്കുവാൻ ഇത്തവണ ഓണക്കാലത്ത് പച്ചക്കറി തൈകളും, "നമുക്കും വിഷമില്ലാത്ത പച്ചക്കറികൾ നട്ടുണ്ടാക്കാം" എന്ന ചെറുപുസ്തകവും ഹോർട്ടികോർപ്പ് വിതരണം ചെയ്തിരുന്നു. വരും നാളുകളിൽ വിളക്രമീകരണത്തിനായി ഓരോ പ്രദേശത്തും ഏത് ഇനം പച്ചക്കറി എത്ര വിസ്തൃതിയിൽ എപ്പോൾ കൃഷി |

ചെയ്യണമെന്നും അതിൽ നിന്ന് എത്ര വിളവുണ്ടാകുമെന്നും നിർദ്ദേശിക്കുന്ന പച്ചക്കറി വിള-ആസൂത്രണ കലണ്ടർ തയ്യാറാക്കാൻ നടപടി ആരംഭിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.